സാന്നിദ്ധ്യത്തിൽ കൃഷിവകുപ്പു മന്ത്രിയും, ഞങ്ങളുമെല്ലാം പങ്കെടുക്കുന്ന ഒരു കോൺഫറൻസ് നടക്കുന്നതാണ്. ഈ സമയം നടക്കുന്ന അവസരത്തിൽ ജനാധിപത്യ മര്യാദയനുസരിച്ച് ഏക പക്ഷീയമായ് തീരുമാനമെടുക്കുന്നത് ശരിയല്ലെന്നുള്ളതുകൊണ്ടാണ് ഒരു തീരുമാനമെടുക്കാതിരുന്നത്. അതിനെക്കുറിച്ച് മുഖ്യമന്ത്രിയും എറണാകുളത്തുവച്ച് പ്രസ്താവിച്ചിട്ടുണ്ട്. ഇന്ന് ചർച്ച ചെയ്ത തിനുശേഷം അക്കാര്യത്തെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ തീരുമാനം സഭയിൽ അറിയിക്കുന്നതിന് ഗവൺമെൻറിന് ബുദ്ധിമുട്ടില്ല. ആ ഒരു ജനാധിപത്യ മര്യാദ സ്വീകരിച്ചതു കൊണ്ടാണ് കഴിഞ്ഞ നിയമസഭയുടെ അവസാനം ഇത് അവതരിപ്പിക്കാതിരുന്നത്.

VI. ക്രമപ്രശ്നം

അടിയന്തിര നോട്ടീസിൻമേൽ നിയമസഭാ സമ്മേളനം വിളിച്ചുകൂട്ടൽ

ശ്രീ. ബേബിജോൺ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ റെയിസ് ചെയ്യാനുള്ള അനുവാദം ഞാൻ ചോദിക്കുകയാണ്. ഈ സഭ ഇപ്പോൾ വിളിച്ചുകൂട്ടിയിരിക്കുന്നത് മൂന്നു ദിവസത്തേക്കാണ്. അങ്ങേയ്ക്കറിയാം, ഈ സഭ വിളിച്ചുകൂട്ടാൻ നോട്ടീസ് തന്നത് കമ്പിയടിച്ചാണ്. പിന്നാലെ എഴുത്തും ക്ഷണവുമായി. കമ്പിയടിക്കുക എന്നുള്ളത് ഒരു അസാധാരണ സംഭവമല്ലേ? ഇതിന് മുൻപൊരിക്കലും ഇങ്ങനെയുണ്ടായിട്ടുണ്ടോ? ഇല്ല. തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ അവകാശങ്ങളെ കർട്ടയിൽ ചെയ്യുന്നതാണ്. ഞങ്ങൾക്ക് ചോദ്യം ചോദിക്കാനുള്ള അവകാശമുണ്ട്. ഷോർട്ട് നോട്ടീസ് ക്വസ്റ്റ്യൻ ചോദിക്കാമെന്ന് പറഞ്ഞാൽ എത്ര ഷോർട്ട് നോട്ടീസ് ക്വസ്റ്റ്യൻ ചോദിക്കാം? ഒരു നിയമസഭാംഗത്തിൻറെ പരമമായ അവകാശങ്ങളിലൊന്നാണ് ചോദ്യം. ചോദിക്കുകയും വിവരങ്ങൾ അറിയുകയും ചെയ്യുക എന്നുള്ളത്. അത് നിഷേധിച്ചിരിക്കുകയാണ്. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് സഭ പെട്ടെന്ന് വിളിച്ചു കൂട്ടിയതെന്നാണ് പറയുന്നതെങ്കിൽ ഒന്നുകിൽ വിധി വന്നപ്പോൾ കൂടാമായിരുന്നു. അല്ലെങ്കിൽ തുടർന്നും കൂടാമായിരുന്നു. ഗവർണ്ണറുടെ പ്രസംഗം ഇടയ്ക്ക് വന്നുപോകുമെന്നുള്ളതുകൊണ്ടാണോ മൂന്നു ദിവസത്തെ സമ്മേളനമായി ചുരുക്കി, നോട്ടീസില്ലാതെ ഇങ്ങനെ ഒരു നടപടിയുമായി വന്നിരിക്കുന്നത്? ഇത് അംഗങ്ങളുടെ അവകാശ ലംഘനമാണ്. സർ, ബില്ലുകളും മുഴുവനും ഇതുവരെ കിട്ടിക്കഴിഞ്ഞിട്ടില്ല. കിട്ടാത്ത ബില്ലിനെക്കുറിച്ച് ഭേദഗതി അവതരിപ്പിക്കുകയും, ചർച്ച നടത്തുകയും ചെയ്യണമെന്ന് വന്നാൽ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ അങ്ങ് മനസ്സിലാക്കണം. അതിനുവേണ്ടിയാണ് ഞാൻ ഇതൊക്കെ പറയുന്നത്. അതുപോലെതന്നെ ഷെഡ്യൂൾ ചെയ്തിരിക്കുന്ന സമയം വച്ച് നോക്കുമ്പോൾ ഞാൻ മനസ്സിലാക്കിയിരിക്കുന്നത് അഞ്ച് ബില്ലുണ്ടെന്നാണ്. എന്നാൽ ഇപ്പോൾ മനസ്സിലാക്കുന്നത് ഏഴ് ബില്ലുണ്ടെന്നാണ്. അതിൽ രണ്ടു ബില്ലു പെൻഷനേതാണ്. ഇത്രയും ബില്ലുകൾക്ക് വേണ്ടി നിശ്ചയിച്ചിരിക്കുന്നത് മൂന്നു ദിവസമാണ്. ഭരണഘടന അനുശാസിക്കുന്നതനുസരിച്ച് ഒരു സപ്ലിമെൻററി ഡിമാൻറ് അവതരിപ്പിക്കുന്നതിന് ഒരുദിവസം പോയിക്കഴിഞ്ഞാൽ മൂന്നു ദിവസത്തിൽ പിന്നെ രണ്ടു ദിവസമാണുള്ളത്. ആ രണ്ടുദിവസംകൊണ്ടാണ് അഞ്ചു ബിൽ ചർച്ച

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തത് നിയമമാക്കേണ്ടതാണ്. വിശദമായ ചർച്ച കൂടാതെ ബിൽ പാസ്സാക്കുന്നതു നല്ല കീഴ്വഴക്കമല്ല, ഉചിതമല്ല എന്നു രാജ്യസഭാ ദ്ധ്യക്ഷനായ നമ്മുടെ ഉപരാഷ്ട്രപതി പറഞ്ഞതു അങ്ങു് ഓർക്കുന്നുണ്ടായിരിക്കും. ഈ ഗവൺമെൻറ് ഇതുവരെ ചെയ്തിട്ടുള്ളതു അതാണു്. കഴിഞ്ഞകാലത്തു് ചെയ്തിട്ടുള്ളതും അതാണു്. വിശദമായ ചർച്ചക്കു് അവസരം കൊടുക്കാതെ ഒരുദിവസം നാലും അഞ്ചും ബില്ലു് പാസ്സാക്കുകയാണു് ചെയ്യുന്നതു്. ഇപ്പോഴും അതാണു് വന്നിരിക്കുന്നതു്. എങ്ങനെയാണു് സർ, ചർച്ച? ഓർഡിനൻസിനെക്കുറിച്ചു് അങ്ങു് ഓർക്കുന്നുണ്ടായിരിക്കും. ഞാൻ അന്നു് ഒരു പോയിൻറ് ഓഫ് ഓർഡർ റെയിസ് ചെയ്തിരുന്നു. അങ്ങു് അതിനു് ഒരു റൂളിംഗ് നൽകിയിരുന്നു. അതു് ചരിത്ര പ്രസിദ്ധമായ ഒരു റൂളിംഗ് ആയിരുന്നു. ആ റൂളിങ്ങിൻറെ അടിസ്ഥാനത്തിൽ ഇന്നു് സുപ്രീംകോടതിയുടെ വിധി വന്നു. അങ്ങു് റൂളിംഗ് നൽകിയപ്പോഴും അന്നുണ്ടായ സംഭവവികാസങ്ങളും ഞാൻ ഓർമ്മിപ്പിക്കാൻ ശ്രമിക്കുന്നില്ല. അങ്ങനെ ഈ സ്ഥാനത്തുനിന്നു് മാറാൻ വരെ, ആലോചനകളും നടന്നുവെന്നുള്ള വസ്തുത ഞാൻ ഓർമ്മിപ്പിക്കാൻ ശ്രമിക്കുന്നുവെന്നു മാത്രമേയുള്ളൂ. അതുകൊണ്ടു് സഭ കൂടുമ്പോൾ അംഗങ്ങളുടെ ന്യായമായ അവകാശങ്ങളും നിഷേധിക്കുന്ന പ്രവണത അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. അംഗങ്ങളുടെ അവകാശങ്ങളും നിഷേധിക്കുന്ന ഈ നടപടിക്രമം ശരിയല്ല. സുപ്രീം കോടതിയുടെ വിധി വന്നതിനു ശേഷം ഓർഡിനൻസില്ല. ഇങ്ങനെയുള്ള നടപടികളും ഓർഡറിലാണോ? അങ്ങു് ദയവായി റൂളിംഗ് നൽകണം. അംഗങ്ങളുടെ അവകാശങ്ങളിൽ കൈയേറ്റം നടത്തുന്ന ഏർപ്പാടു് തടയാനുള്ള നടപടികളും സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ സഭ ചർച്ച ചെയ്തതു് സബ്ജക്ട് കമ്മിറ്റിക്കയച്ചിട്ടുള്ള ബില്ലുകളും ചർച്ച ചെയ്തതു് പാസ്സാക്കാൻവേണ്ടി - സഭ കൂടുക സാധാരണമാണു്, അസാധാരണമല്ല. അങ്ങനെയൊരു നടപടി ഗവൺമെൻറ് സ്വീകരിച്ചതു് മെമ്പർമാർക്കു് ചർച്ചചെയ്തു പാസ്സാക്കാനുള്ള അവസരം നൽകാൻ വേണ്ടിയാണു്. സർ, ഷോർട്ട് നോട്ടീസിൽ യോഗം കൂടാറുണ്ടു്. അങ്ങനെ യോഗം കൂടിയ പാരമ്പര്യം ഈ സഭക്കുണ്ടു്. ഒരിക്കൽ അല്ല നിരവധി തവണ സഭ കൂടിയ പാരമ്പര്യമുണ്ടു്. ഇതിനു് ഒരു പ്രത്യേകതയുണ്ടു്. ഇനി തിരഞ്ഞെടുപ്പു നടത്താൻ ഏതാനും മാസങ്ങളേയുള്ളൂ. സാധാരണഗതിയിൽ മേയ് മാസത്തിലാണു് ഈ നിയമസഭയുടെ കാലാവധി തീരുന്നതു്. അതിനിടയിൽ ഒരു നയപ്രഖ്യാപനം നടത്തി ഗവൺമെൻറിൻറെ നേട്ടങ്ങളും, ചെയ്യാൻപോകുന്ന കാര്യങ്ങളും ഒക്കെ പറഞ്ഞു്. പ്രതിപക്ഷത്തെ ബുദ്ധിമുട്ടിക്കണ്ട, തിരഞ്ഞെടുപ്പു് നടക്കാൻപോകുന്ന ഈ അവസരത്തിൽ ഗവൺമെൻറിനു് കിട്ടിയ ഈ അവസരം മുതലെടുത്തുവെന്നുള്ള ആക്ഷേപം വരരുതെന്നു് കരുതി ഇവരെ സഹായിക്കാൻവേണ്ടിയാണു് ഇപ്രകാരം ഒരു യോഗം കൂടിയതു്. ജനുവരിയിൽ കൂടിയാൽ തീർച്ചയായും അതിനു് സാങ്കേതികമായ രണ്ടു് അഭിപ്രായമുണ്ടു്. ഇപ്പോഴും ഈ സെഷൻ കൂടിയിട്ടു് വീണ്ടും ജനുവരിയിലേക്കു് മാറ്റിയാൽ ഈ സെഷൻറെ തുടർച്ചയായതുകൊണ്ടു് ജനുവരിയിൽ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം വേണ്ട എന്ന ഒരു അഭിപ്രായമുണ്ടു്. അങ്ങനെയാണെങ്കിൽ ഇവർ പറയും കണ്ടോ, ജനുവരിയിൽ ഗവർണ്ണറുടെ പ്രസംഗം കൂടാതെ സഭ കൂടുന്നതു് ഭരണഘടനാവിരുദ്ധമാണെന്നു്. കൂടിയില്ലെങ്കിൽ പറയും എന്താണു് കൂടാത്തതെന്നു്. കൂടിയാൽ പറയും

LIBRARY ARCHIVES Kerala Legislative Assembly

എന്താണ് കൂടിയതെന്ന്. ഏത് ചെയ്താലും ഒരു കുറവ് കണ്ടു കൊണ്ട് ഇന്ന് രക്ഷപ്പെടണമെന്ന് ആഗ്രഹിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം കുറവ് എല്ലാത്തിലും കാണാൻ സാധിക്കും. സർ, ''എല്ലാം തികഞ്ഞിട്ടൊരു വസ്തുപോലും തണ്ടാർ മകൻ ഹന്ത ചമച്ചതില്ല.'' അതുകൊണ്ട് ഞങ്ങളെല്ലാം പൂർണ്ണമായെന്ന് പറയുന്നില്ല. കഴിയുന്നിടത്തോളം ' ' ജനാധിപത്യമൂല്യങ്ങളും കാത്തുസൂക്ഷിച്ചുകൊണ്ട് എല്ലാ നടപടികളും സ്വീകരിക്കാൻ ആഗ്രഹിച്ചിട്ടുണ്ട്. ഈ ബില്ലുകളും പാസ്സാക്കിയെടുക്കാൻ വേണ്ടിയാണ് ഈ അടിയന്തിര സമ്മേളനം വിളിച്ചുകൂട്ടിയത്. അടിയന്തിരമായി ഇത് ചെയ്തത് സാധാരണ ഗതിയിൽ ജനാധിപത്യവഴക്കം നിലനിർത്താൻവേണ്ടിത്തന്നെയാണ്. അടിയന്തിര ചോദ്യം ചോദിക്കാൻ അങ്ങ് സമയം അനുവദിച്ചു. കിട്ടിയിടത്തോളം വിവരം വച്ചുകൊണ്ട് മറുപടി പറഞ്ഞു. നോട്ടീസ് കൊടുക്കാൻ പത്ത് ദിവസമെടുത്തില്ലെങ്കിലും ഞങ്ങൾ വിവരം കൊടുത്തിട്ടുണ്ട്. ഇന്ന് ഒന്നര മണിക്കൂർ സമയം ഈ സഭയിലെ അംഗങ്ങൾക്ക് അഭിപ്രായം പറയാൻ അങ്ങ് അവസരം കൊടുത്തുവെന്നത് വലിയൊരു നേട്ടമാണ്. ഇത്രയും വളരെ കാര്യമായിട്ട് മെമ്പർമാരുടെ താൽപ്പര്യം സംരക്ഷിക്കുന്ന അവസരത്തിൽ ഇവിടെ ഉന്നയിച്ച ആക്ഷേപം ശരിയല്ല. ഇത് അസാധാരണ സംഭവമല്ല. ഇത് ഒരു സാധാരണ നടപടിയാണ്. ഇത് നമ്മൾ റഫർ ചെയ്തതായ ബില്ലുകൾ പാസ്സാക്കാൻവേണ്ടിയാണ്. അത് ചെയ്യുന്നതിൽ തെറ്റുണ്ടെന്ന് തോന്നുന്നില്ല.

മി. സ്പീക്കർ: ഇവിടെ, ബഹുമാനപ്പെട്ട ശ്രീ. ബേബിജോൺ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ച് ചില പ്രധാനപ്പെട്ട കാര്യങ്ങൾ പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് വിശദീകരണവും നൽകി. നിയമസഭാസമ്മേളനം ഇങ്ങനെ അടിയന്തിരമായി കൂടിക്കൂടിച്ച് വിളിക്കുന്നത് ആദ്യമായിട്ടല്ല. ഇവിടെ കഴിഞ്ഞ മാർച്ചിൽ നടന്ന സമ്മേളനംതന്നെ കൂടിമുഖാന്തിരമാണ് വിളിച്ചുകൂട്ടിയത്. നേരത്തെയും ഇങ്ങനെ ചില അവസരങ്ങളുണ്ടായിട്ടുണ്ട്. അപ്പോഴും അതിനകത്ത് യാതൊരുപാകതയുമില്ല. പ്രത്യേകിച്ച് സുപ്രീംകോടതി വിധിയെ തുടർന്നുണ്ടായിട്ടുള്ള പശ്ചാത്തലം കണക്കിലെടുത്തുകൊണ്ട് എത്രയും പെട്ടെന്ന് നിയമസഭ വിളിച്ചുകൂട്ടുന്നതിൽ കാലതാമസമുണ്ടായിയെന്ന് ചെയറിനഭിപ്രായമില്ല. എത്രയും പെട്ടെന്ന് വിളിച്ചുകൂട്ടി നിയമ നിർമ്മാണ പ്രക്രിയ പൂർത്തിയാക്കാൻ തീരുമാനിച്ച നടപടി ഉചിതമായി എന്നുള്ളതാണ് ചെയറിന്റെ അഭിപ്രായം. പക്ഷേ ഇതിനകത്ത് ശ്രീ. ബേബിജോൺ ഉന്നയിച്ചതുപോലെ അംഗങ്ങളുടെ അവകാശവും അവസരവും നഷ്ടപ്പെടുന്നുണ്ടോയെന്നുള്ളതാണ്. പ്രശ്നം 24-12-1986-ൽ ആണ് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നത്. പിന്നെ ക്രിസ്തുമസ് കഴിഞ്ഞാൽ 2 പ്രവർത്തന ദിവസം മാത്രമാണ് ഉള്ളത്. ഈ രണ്ടു ദിവസംകൊണ്ട് സാധാരണനിലയിലുള്ള ചോദ്യങ്ങൾ അനുവദിക്കാൻ പ്രായോഗികമായ പ്രയാസമുള്ളതുകൊണ്ട്, പ്രാക്ടിക്കൽ ഡിഫിക്കൽറ്റീസ് ഉള്ളതുകൊണ്ട് അത് അനുവദിച്ചില്ല. അതേസമയം ചോദ്യോത്തരവേള പരമപ്രധാനമാണ് എന്നുള്ള വസ്തുത, മെമ്പർമാരെ സംബന്ധിച്ചിടത്തോളം വിവരങ്ങൾ ശേഖരിക്കണം, അസംബ്ലി പ്രവർത്തനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സന്ദർഭമെന്നുള്ള രീതിയിൽ ഇതിനെ കണ്ടുകൊണ്ടാണ് ഷോർട്ട് നോട്ടീസ് കമ്മറ്റ്യൻ അനുവദിക്കാൻ ചെയർ തയ്യാറായത്, അതിന് ബന്ധപ്പെട്ട മന്ത്രിമാർ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തു. തന്നെയുമല്ല ഈ സമ്മേളനം

LIBRARY ARCHIVES Kerala Legislative Assembly

വിളിക്കാൻ തീരുമാനിച്ച അവസരത്തിൽ ചില റിപ്പോർട്ടുകളുണ്ടായിരുന്നു. Zero hour ഉണ്ടാകുമോ, സബ്മിഷൻ ഉണ്ടാകുമോ, അടിയന്തിര പ്രമേയമുണ്ടാകുമോ, കാളിങ്ങ് അറ്റൻഷൻ സന്ദർഭമുണ്ടാകുമോ എന്നുള്ള രീതിയിലുള്ള സംശയങ്ങൾ പുറപ്പെടുവിച്ചുകൊണ്ടുള്ള പല റിപ്പോർട്ടുകളുമുണ്ടായിരുന്നു. പക്ഷേ ആ തരത്തിലുള്ള റിപ്പോർട്ടുകൾക്കും ആ സന്ദേഹങ്ങൾക്കുമുള്ള അവസരമില്ലാതെ അംഗങ്ങൾക്ക് സാധാരണനിലയിലുള്ള ചോദ്യങ്ങൾക്കുള്ള പ്രയാസമൊഴിച്ചാൽ മറ്റ് സഭാനടപടികളെ സംബന്ധിച്ചുള്ള എല്ലാ അവകാശങ്ങളും സംരക്ഷിക്കുന്നതിനാവശ്യമായ നടപടി ചെയർ സ്വീകരിച്ചിട്ടുണ്ട്. അംഗങ്ങൾക്ക് അത് ബോദ്ധ്യമാകുകയും ചെയ്യുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട. മറ്റൊരു പ്രധാനമായ പ്രശ്നം, ബില്ലുകളെ സംബന്ധിച്ചാണ്. ബില്ലുകൾ ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിൽ നിന്നും 23-ാം തീയതിതന്നെ ബഹുമാനപ്പെട്ട എല്ലാ മെമ്പർമാർക്കും അയച്ചുകൊടുത്തിട്ടുണ്ട്. എം.എൽ.എ. ഹോസ്റ്റലിലും കൊടുത്തിട്ടുണ്ട്. ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ സാദ്ധ്യമായത് അത് മാത്രമാണ്. അതല്ലാതെ മറ്റ് യാതൊരു പോംവഴിയും അക്കാര്യത്തിലില്ല.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, 5 ബില്ലിൽ ഒരെണ്ണംപോലും കിട്ടിയിട്ടില്ല.

മി. സ്പീക്കർ: അതുകൊണ്ടുതന്നെ ഭേദഗതി അവതരിപ്പിക്കാനുള്ള നമ്മുടെ നടപടിക്രമങ്ങളിൽ അയവ് വരുത്തി, ഈ ഷോർട്ട് നോട്ടീസ് സമ്മേളനത്തിന്റെ ഫലമായി അംഗങ്ങൾക്കുണ്ടാകാവുന്ന അസൗകര്യങ്ങൾ കഴിയുന്നിടത്തോളം ഒഴിവാക്കാനും, അവകാശങ്ങൾ നിഷേധിക്കാതിരിക്കാനുമുള്ള സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിരിക്കുകയാണ്. അതുകൊണ്ട്, ഇതിന് വിശദമായ ചർച്ചയുടെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

ശ്രീ. ബേബിജോൺ: സർ, ഈ ഗവൺമെന്റ് സമ്മേളനം വിളിച്ചുകൂട്ടാൻ തീരുമാനം എടുക്കുന്നത് ഇങ്ങനെയാണ്. അംഗങ്ങളുടെ അവകാശങ്ങൾ നിഷേധിക്കുന്ന രീതിയിലാണ്. അത് മാത്രമാണ് ഞാൻ പോയിന്റ് ഔട്ട് ചെയ്തത്.

VII. മേശപ്പുറത്തുവച്ച കടലാസ്സുകൾ

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഇപ്പോൾ മേശപ്പുറത്ത് ശ്രീ. കെ. എം. മാണി വയ്ക്കാൻ ഉദ്ദേശിക്കുന്നത് 3 എണ്ണമാണ്. 1. കേരള മുനിസിപ്പാലിറ്റി ലാസ് അമൻഡ്മെന്റ് ഓർഡിനൻസ്. 2. ടൗൺ പ്ലാനിംഗ് ലാസ് അമൻഡ്മെന്റ് ഓർഡിനൻസ്. പിന്നെ വേറൊന്ന് ശ്രീ. കെ. ശിവദാസന്റെ കേരള ലേബർ വെൽഫെയർ ഫണ്ട് ഓർഡിനൻസ്. ഈ 3 ഓർഡിനൻസും നിലവിലില്ല. ഇന്ന് ഇവ ഇല്ലാതായിത്തീർന്നിരിക്കുകയാണ്. ഇല്ലാതായിത്തീർന്നിരിക്കുന്ന ഈ ഓർഡിനൻസ് ഈ സഭയിൽ വയ്ക്കാൻ പാടില്ല. ഞാൻ എന്റെ വാദത്തിന് അടിസ്ഥാനമായി സ്വീകരിച്ചിരിക്കുന്നത്, സുപ്രീം കോടതിയിൽ നിന്നും Full Bench വാദത്തിന്റെ അടയാളസഹിതമുള്ള പകർപ്പാണ്. 5 ജഡ്ജിമാർ ഒപ്പിട്ടിട്ടുണ്ട്. ചീഫ് ജസ്റ്റീസ് അടക്കം 5 ജഡ്ജിമാർകൂടി പുറപ്പെടുവിച്ച യുനാനിമസ് ഡിസിഷനാണ് ഇതിലുണ്ടായിരിക്കുന്നത്. ആ ഡിസിഷനിലെ പ്രസക്തമായ ഭാഗം

LIBRARY ARCHIVES Kerala Legislative Assembly